## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1016 — 14.06.2012 ൽ മറുപടിക്ക്

## കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ ശോച്യാവസ്ഥ

| ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള | മറുപടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
|---|---|
| എ) 1983-ൽ പ്രവർത്തനം ആരംഭിച്ച കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; | എ) 1983-ൽ വാടകകെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച കോതമംഗലം സർക്കാർ പോളിടെക്നിക്കിന് സ്വന്തമായി ഒരു കെട്ടിടം പണികഴിപ്പിച്ച് പുതിയ കെട്ടിടത്തിൽ 2009 വർഷം കോളേജ് പ്രവർത്തിച്ചുതുടങ്ങി. എന്നാൽ ഇപ്പോൾ 2 ക്ലാസ് മുറികളുടെയും ഡ്രോയിംഗ് ഹാൾ, ചില ലാബോറട്ടറികൾ എന്നിവയ്ക്ക് കെട്ടിട സൌകര്യം ഇല്ല. ഇത് പരിഹരിക്കുന്നതിനായി 677.67 ച.മീ. പ്ലിന്ത് ഏരിയ വരുന്ന കെട്ടിടത്തിനായി 1.25 കോടി രൂപയുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ആയത് ഭരണാനുമതിക്കായി 25.4.2012 ലെ വർക്കിംഗ് ഗ്രൂപ്പിൽ വച്ചെങ്കിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല. |
| ബി) കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് നൽകുന്ന ആധുനിക ഉപകരണങ്ങൾ പോലും ഇവിടെ സ്ഥാപിക്കാൻ കഴിയാതെ വരുന്നതു മൂലം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) ചില ലബോറട്ടറികൾക്കു കെട്ടിട സ്ഥല സൌകര്യം ഇല്ല. CADD Lab നും സെമിനാർ ഹാളിനുമായി PWD 1.25 കോടി രൂപയു എസ്റ്റിമേറ്റും Soil investigation report ഉം തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി പ്രതീക്ഷിക്കുന്നു. |
| സി) സെമിനാർ ഹാളും, ക്ലാസ് ലാബും അടിയന്തിരമായി നിർമ്മിച്ച് നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) മതിയായ ബജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ